നം.എ1/63490/2019/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം , തിരുവനന്തപുരം
തീയതി : 08.02.2019

## സർക്കുലർ

വിഷയം :- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഗവൺമെന്റ് കോളേജുകൾ - 2019-20 അക്കാദമിക് വർഷത്തേയ്ക്കുള്ള അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം - അപേക്ഷകൾ ക്ഷണിക്കുന്നു

സൂചന :- 1. 21.012.1994-ലെ നം.ജി.ഒ (എം.എസ്) 27/1994/ഉ.വി.വ
2. 14.08.1997-ലെ നം.ജി.ഒ (എം.എസ്) 112/1997/ഉ.വി.വ
3. 01.09.2014-ലെ ജി.ഒ (എം.എസ്) 114/2004/ഉ.വി.വ
4. 25.02.2017-ലെ സ.ഉ(പി) നം.3/2017/ഉ.ഭ.പ.വ
5. 29.08.2017-ലെ സ.ഉ(എം.എസ്) നം.18/17/ഉ.ഭ.പ.വ

മേൽ സൂചനയിലെ സർക്കാർ പുറപ്പെടുവിച്ച സ്ഥലമാറ്റ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ്, ആർട്സ് & സയൻസ് കോളേജുകളിലെയും ട്രെയിനിംഗ് കോളേജുകളിലെയും മ്യൂസിക് കോളേജുകളിലെയും സംസ്കൃത കോളേജുകളിലെയും, ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകളിലെയും അദ്ധ്യാപകരിൽ നിന്നും ഗവൺമെന്റ്, എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, മെഡിക്കൽ കോളേജുകൾ, ലോ കോളേജുകൾ എന്നിവയിൽ ജോലി ചെയ്യുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിൻകീഴിലെ അദ്ധ്യാപകരിൽ നിന്നും 2019-20 അക്കാദമിക് വർഷത്തേയ്ക്കുള്ള പൊതു സ്ഥലംമാറ്റത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു.

മേൽപ്പറഞ്ഞ സർക്കാർ കോളേജുകളിൽ ജോലി ചെയ്യുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിലെ സ്ഥലം മാറ്റം ആവശ്യമുള്ള അദ്ധ്യാപകർ ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥലംമാറ്റത്തിനുള്ള അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ച് പ്രിൻസിപ്പാൾ മുഖാന്തിരം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഈ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി 28.02.2019 ആകുന്നു. 28.02.2019-നു ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

സ്ഥലം മാറ്റത്തിന് ഏതെങ്കിലും തരത്തിൽ മുൻഗണന ലഭിയ്ക്കാൻ അർഹതയുള്ള അദ്ധ്യാപകർ ആ വിവരം അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തുകയും, ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം അയയ്ക്കുകയും ചെയ്തിരിക്കണം. ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ലെങ്കിൽ മുൻഗണന നൽകുന്നതിന് പരിഗണിയ്ക്കുന്നതല്ല. സ്ഥലം മാറ്റപ്പെടുന്നതിൽ നിന്നും ഏതെങ്കിലും തരത്തിൽ പ്രത്യേക പരിരക്ഷയുള്ള അദ്ധ്യാപകർ പ്രസ്തുത വിവരം, പരിരരക്ഷ ആനുകൂല്യം എത്രകാലമായി ഉപയോഗിക്കുന്നു എന്ന വിവരം ഉൾപ്പെടെ സ്ഥാപന മേധാവിയെ അറിയിക്കേണ്ടതും, സ്ഥാപന മേധാവി ഈ വിവരം ഇതോടൊപ്പമുള്ള നിശ്ചിത പ്രൊഫോർമയിൽ ഉൾപ്പെടുത്തേണ്ടതും പരിരക്ഷ സംബന്ധിച്ച രേഖകൾ അയച്ചുതരേണ്ടതുമാണ്.

912159

ഹോം സ്റ്റേഷൻ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷയും നേരത്തെ തെരഞ്ഞെടുത്ത ഹോം സ്റ്റേഷൻ മാറ്റാൻ ആഗ്രഹിക്കുന്ന അദ്ധ്യാപകർ ഹോം സ്റ്റേഷൻ മാറ്റുന്നതിനുള്ള അപേക്ഷയും സ്ഥലം മാറ്റത്തിനുള്ള അപേക്ഷയോടൊപ്പം അയച്ചുതരേണ്ടതാണ്.

2019-20 വർഷത്തെ പൊതു സ്ഥലംമാറ്റ അപേക്ഷകൾ സ്പാർക്ക് മുഖേന നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു. നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ സ്ഥലംമാറ്റം പൂർണ്ണമായും സ്പാർക്ക് മുഖേന ആയിരിക്കും. അങ്ങനെയെങ്കിൽ ഈ സർക്കുലർ പ്രകാരമുള്ള അപേക്ഷകളും തുടർന്നുള്ള എല്ലാ നടപടിക്രമങ്ങളും റദ്ദാകുന്നതുമാണ്.

**അപേക്ഷകൾ അയയ്ക്കുമ്പോൾ സ്ഥാപന മേധാവികൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിയ്ക്കേണ്ടതാണ്.**

- ഓരോ വിഷയത്തിലെയും അദ്ധ്യാപകരുടെ അപേക്ഷകൾ വേർതിരിച്ച് പ്രത്യേകം ആമുഖ കത്തോടെ അയച്ചു തരേണ്ടതാണ്. ഒരു കാരണവശാലും ഒന്നിലധികം വിഷയങ്ങളിലെ അദ്ധ്യാപകരുടെ അപേക്ഷകൾ ഒരുമിച്ച് അയയ്ക്കുവാൻ പാടുള്ളതല്ല.
- ചുവടെ പറയുന്ന ക്രമ നമ്പർ 1 മുതൽ 10 വരെയുള്ള വിവരങ്ങൾ നിർബന്ധമായും 28.02.2019-നു മുമ്പ് അയച്ചുതരേണ്ടതാണ് (ഓരോ വിഷയത്തിനും പ്രത്യേകമായി). ഒരു വിഷയത്തിലുള്ള അദ്ധ്യാപകരിൽ ആരും തന്നെ സ്ഥാപനത്തിൽ നിന്ന് സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിട്ടില്ലെങ്കിൽ കൂടി ആ വിഷയത്തെ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

1. കോളേജിന്റെ പേര് :
2. വിഷയം :
3. അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ :
4. ഒഴിവുകളുടെ എണ്ണം :
5. സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടുള്ള അദ്ധ്യാപകരുടെ പേര് :
6. അദ്ധ്യാപകരിൽ ആരെങ്കിലും എൻ.സി.സി ഓഫീസറായി പ്രവർത്തിക്കുന്നുണ്ടോ (എൻ.സി.സി ഓഫീസറുടെ പേരും എൻ.സി.സി ഓഫീസറായി ചുമതലയേറ്റെടുത്ത തീയതിയും വ്യക്തമാക്കണം). :
7. എഫ്.ഐ.പി ഡെപ്യൂട്ടേഷനിൽ തുടരുന്ന അദ്ധ്യാപകരുടെ പേര് (എഫ്.ഐ.പി കാലയളവും എഫ്.ഐ.പി ചെയ്യുന്നത് ഹോം സ്റ്റേഷനിലാണോ എന്നും വ്യക്തമാക്കണം) :
8. ഡെപ്യൂട്ടേഷനിൽ തുടരുന്ന അദ്ധ്യാപകരുടെ പേര് (ഡെപ്യൂട്ടേഷൻ കാലയളവ് വ്യക്തമാക്കണം) :
9. ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുള്ള അദ്ധ്യാപകരുടെ പേര് (ശൂന്യവേതനാവധി കാലയളവ് വ്യക്തമാക്കണം) :

912165

10. നിലവിൽ ജോലിചെയ്യുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്ന നിശ്ചിത മാതൃകയിൽ നൽകേണ്ടതാണ്

| ക്രമ നം. | നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ പേര്, വിഷയം Phone Number | ഹോം സ്റ്റേഷൻ | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ജോലയിൽ പ്രവേശിച്ച തീയതി | ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ പ്രവേശിച്ച തീയതി | സ്ഥലംമാറ്റത്തിൽ നിന്നും പരിരക്ഷ അർഹിക്കുണ്ടോ (ഉണ്ടെങ്കിൽ ഏതു തരം പരിരക്ഷ യാണെന്ന് വ്യക്തമാക്കണം) | നിലവിൽ എഫ്.ഐ.പി/ ഡെപ്യൂട്ടേഷൻ/LWA / maternity leave എന്നിവയിൽ തുടരുന്നുവെങ്കിൽ അതിന്റെ കാലയളവ് | വിരമിയ്ക്കൽ തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1. | | | | | | | | |
| 2. | | | | | | | | |
| 3. | | | | | | | | |
| 4. | | | | | | | | |
| 5. | | | | | | | | |
| 6. | | | | | | | | |
| 7. | | | | | | | | |
| 8. | | | | | | | | |

9912161

സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകരുടെ താൽക്കാലിക ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. താൽക്കാലിക ലിസ്റ്റിന്മേൽ പരാതിയുള്ള പക്ഷം ആയത് വേണ്ട തെളിവുകളോടെ സമർപ്പിക്കണം. പരാതി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി പിന്നീട് അറിയിക്കുന്നതാണ്. സ്ഥലം മാറ്റത്തിനുള്ള അപേക്ഷയുടെയും ഹോം സ്റ്റേഷൻ തെരഞ്ഞെടുക്കുന്നതിന്/ മാറ്റുന്നതിന് ഉള്ള അപേക്ഷയുടെയും മാതൃക കോളേജു വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഒപ്പ്/-)

ഹരിത.വി.കുമാർ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

വകർപ്പ്:-

1. എല്ലാ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പൽമാർക്കും/മ്യൂസിക് കോളേജ് പ്രിൻസിപ്പൽമാർക്കും
2. എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്/ലാ കോളേജ്/മെഡിക്കൽ കോളേജ്/ആയുർവേദ കോളേജ് പ്രിൻസിപ്പൽമാർക്കും
3. എല്ലാ ഗവൺമെന്റ് പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽമാർക്കും
4. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5. സൂപ്രണ്ട് - എ/ബി സെക്ഷനുകൾ
6. എ/ബി സെക്ഷനിലുള്ള എല്ലാ ക്ലാർക്കുമാർക്കും
7. കരുതൽ ഫയൽ

//അംഗീകാരത്തോടെ//

എസ്.ആർ/06.02.2019

സൂപ്രണ്ട്

912162

GOVERNMENT OF KERALA 2017-18

## കോളേജ് വിദ്യാഭ്യാസ വകുപ്പ്

## പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ 2019

1. അപേക്ഷകന്റെ പേര്, വിഷയം :
2. ഔദ്യോഗിക മേൽ വിലാസം :
3. മൊബൈൽ നമ്പർ :
4. ഇ-മെയിൽ ഐ.ഡി :
5. ഹോം സ്റ്റേഷൻ :
6. മുൻപ് തെരഞ്ഞെടുത്തിരുന്ന ഹോം സ്റ്റേഷനും കാലയളവും :
7. സ്ഥലംമാറ്റം ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ (മുൻഗണനാ ക്രമത്തിൽ)
   1)
   2)
   3)
8. സ്ഥലംമാറ്റത്തിനുള്ള കാരണം :
9. (എ) ജനന തീയതി :
   (ബി) പെൻഷൻ തീയതി :
   (സി) സർവ്വീസിൽ പ്രവേശിച്ച തീയതി :
   (ഡി)ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ പ്രവേശിച്ച തീയതി :
10. മുൻപ് ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളും ജോലി ചെയ്തിരുന്ന കാലവും

| സ്ഥാനപത്തിന്റെ പേര് | പ്രവേശിച്ച തീയതി | റിലീവ് ചെയ്ത തീയതി | ഔട്ട് സ്റ്റേഷൻ സർവ്വീസ് (വെയിറ്റേജ്) |
|---|---|---|---|
| | | | |

11. സ്ഥലം മാറ്റത്തിനുള്ള മുൻഗണന അർഹിക്കുന്ന വിഭാഗക്കാരനാണോ : അതെ അല്ല
12. അതെ എങ്കിൽ വിശദ വിവരം (വികാലാംഗർ ആണെങ്കിൽ % രേഖപ്പെടുത്തുക) :
13. സ്ഥലംമാറ്റത്തിൽ നിന്നും പരിരക്ഷ ലഭിക്കുന്ന വിഭാഗക്കാരനാണോ : അതെ അല്ല
14. അതെ എങ്കിൽ വിശദ വിവരം (പരിരക്ഷ എത്ര കാലമായി ഉപയോഗിക്കുന്നു എന്ന് വ്യക്തമാക്കണം) :
15. എൻ.സി.സി ഓഫീസറായി പ്രവർത്തിക്കുകയാണോ (എൻ.സി.സി ഓഫീസറുടെ ചുമതലയേറ്റ തീയതി വ്യക്തമാക്കണം) : അതെ അല്ല

### സത്യ പ്രസ്താവന

ഞാൻ..........................................................................മേൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

സ്ഥലം: അപേക്ഷകന്റെ പേരും ഒപ്പും

തീയതി:

സ്ഥാപന മേധാവിയുടെ ശുപാർശ

സ്ഥലം:

തീയതി: (ഒപ്പ്/-)

912163

GOVERNMENT OF KERALA 2017-18

## ഹോം സ്റ്റേഷൻ തിരഞ്ഞെടുക്കുന്നതിന്/മാറ്റത്തിനുള്ള അപേക്ഷ

1. അപേക്ഷകന്റെ പേര്, വിഷയം, ഫോൺ നമ്പർ :
2. ഔദ്യോഗിക മേൽ വിലാസം :
3. സേവനത്തിൽ പ്രവേശിച്ച തീയതി :
4. ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ പ്രവേശിച്ച തീയതി :
5. മിശ്ര വിവാഹിതർ/പട്ടികജാതി/പട്ടിക വർഗ്ഗം/വികലാംഗർ/സ്വാതന്ത്ര്യ സമര സേനാനികളുടെയും ജവാൻമാരുടെയും ആശ്രിതർ എന്നീ വിഭാഗത്തിൽപ്പെടുന്നുണ്ടോ എങ്കിൽ വിശദ വിവരം :
6. തെരഞ്ഞെടുക്കൽ ആഗ്രഹിക്കുന്ന ഹോം സ്റ്റേഷൻ :
7. ഹോം സ്റ്റേഷൻ പുതുതായി തെരഞ്ഞെടുക്കുന്നതാണോ :
8. അല്ല എങ്കിൽ മുൻപ് തെരഞ്ഞെടുത്തിട്ടുള്ള ഹോം സ്റ്റേഷനുകളും കാലയളവും :
9. ഈ വകുപ്പിനു കീഴിൽ സേവനമനുഷ്ഠിച്ച സ്ഥാപനങ്ങളും കാലയളവും

### സത്യ പ്രസ്താവന

ഞാൻ..........................................................................മേൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

സ്ഥലം: അപേക്ഷകന്റെ പേരും ഒപ്പും

തീയതി:

### സ്ഥാപന മേലധികാരിയുടെ അഭിപ്രായവും ശുപാർശയും

മേൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു

മേലധികാരിയുടെ ഒപ്പ്:

ഔദ്യോഗിക മേൽ വിലാസം:

സ്ഥലം:

തീയതി: (ഓഫീസ് സീൽ)

എസ്.ആർ/06.02.2019

91216

GOVERNMENT OF KERALA 2017-18